"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - 1960-ലെ സർക്കാർ ഭൂമി റബ്ബർ കൃഷിക്കായി പതിച്ചു നൽകുന്നതിനുള്ള പ്രത്യേക ചട്ടങ്ങൾ പ്രകാരം പണം ഈടാക്കി പതിച്ചു കൊടുത്ത ഭൂമി 25 വർഷത്തിന് ശേഷമുള്ള കൈമാറ്റം മുഖേന ലഭിച്ചവർക്ക് പോക്കു വരവ് ചെയ്തു ലഭിക്കാൻ അർഹതയുണ്ടെന്ന സ്പഷ്ടീകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ ( യു ) വകുപ്പ്**

സ.ഉ.(കൈ) നം.323/2025/RD തീയതി,തിരുവനന്തപുരം, 07-11-2025

---

പരാമർശം:- 1. ശ്രീ. സോമരാജൻ മുതൽപേർ ബഹു. മുഖ്യമന്ത്രി മുമ്പാകെ സമർപ്പിച്ച 12.11.2019 ലെ നിവേദനം.

2. 11-3-2025 ലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ LR/13186/2023-LR(J7) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

1960-ലെ റബ്ബർ പ്ലാന്റേഷൻ ലാന്റ് അസൈൻമെന്റ് ചട്ട പ്രകാരം കൊല്ലം പിറവന്തൂർ വില്ലേജിൽ പതിച്ചു നല്കിയ ഭൂമി വിലയ്ക്കു വാങ്ങി കൈവശം വച്ചിരിക്കുന്നവർക്ക് പോക്കുവരവ് ചെയ്തുകൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. സോമരാജൻ മുതൽപേർ ബഹു. മുഖ്യമന്ത്രി മുമ്പാകെ സൂചന (1) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

2. 1960-ലെ സർക്കാർ ഭൂമി റബ്ബർ കൃഷിക്കായി പതിച്ചുനൽകുന്നതിനുള്ള പ്രത്യേക ചട്ടങ്ങൾ, ചട്ടം 25 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് കൈമാറ്റം നിരോധിച്ചിട്ടുള്ള വ്യവസ്ഥ വിൽപ്പന സന്നദ് പുറപ്പെടുവിച്ച തീയതി മുതൽ 25 വർഷം പൂർത്തിയാക്കുന്ന തീയതി മുതൽ ഒഴിവാക്കിക്കൊണ്ട് ഉത്തരവാക്കാവുന്നതാണ് എന്ന് ലാൻഡ് റവന്യൂ കമ്മിഷണർ പരാമർശം 2 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3. റബ്ബർ കൃഷിക്കായി സർക്കാർ വക ഭൂമി പതിച്ചു നൽകുന്നതിനായാണ് 1960 ലെ

ഗവൺമെൻറ് ഭൂമി റബ്ബർ കൃഷിക്കായി പതിച്ചു നൽകുന്നതിനുള്ള പ്രത്യേക ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളത്. ലൈസൻസ് മുഖേന കർഷക തൊഴിലാളികൾക്കും അഭ്യസ്തവിദ്യരായ തൊഴിലില്ലാത്തവർക്കുമാണ് ഭൂമി നൽകിയിരുന്നത്. പൊതു ലേലം വഴി ചെറുകിട കൈവശക്കാർക്കും കമ്പനികൾക്കുമാണ് ഭൂമി നൽകിയിരുന്നത്. ഇതിൽ ലൈസൻസ് സൗജന്യമായും പൊതുലേലം വഴി ഭൂമിയുടെ വില ഈടാക്കിയുമാണ് ഭൂമി അനുവദിച്ചു നൽകിയിരുന്നത്. ചട്ടം 7 പ്രകാരം ലൈസൻസ് കാലാവധി ആദ്യഘട്ടത്തിൽ 10 വർഷത്തേയ്ക്കും പിന്നീട് വീണ്ടും 10 വർഷത്തേയ്ക്ക് പുതുക്കി നല്കാവുന്നതാണ്. ലൈസൻസ് കാലാവധി തീരുന്ന മുറയ്ക്ക് ഗവൺമെന്റിന് ചുമത്താവുന്ന അങ്ങനെയുള്ള വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ഒരു പൊതു ലേലത്തിലൂടെയോ പതിവു മുഖേനെയോ ലൈസൻസിക്കു പതിച്ചു നൽകാവുന്നതാണ്. അങ്ങനെ പതിച്ചു നൽകുമ്പോൾ കേരള ഭൂമി പതിച്ചു നൽകൽ ആക്റ്റിലെ 4-ഉം 5-ഉം വകുപ്പുകളിൽ പറഞ്ഞിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടുന്നതാണ് എന്നാണ് ടി ചട്ടത്തിലെ ചട്ടം 8-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. 1960 ലെ ഗവൺമെൻറ് ഭൂമി റബ്ബർ കൃഷിക്കായി പതിച്ചു നൽകുന്നതിനുള്ള പ്രത്യേക ചട്ടങ്ങൾ പ്രകാരം സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം ചട്ടം 2(b) പ്രകാരം പതിച്ചു നൽകൽ എന്നതിൽ പതിവ്, പാട്ടം, ലൈസൻസ് എന്നിവ ഉൾപ്പെടുന്നു. ടി ചട്ടത്തിൽ ചട്ടം 27 പ്രകാരം ചെറുകിട കൈവശക്കാർക്കു ലേലത്തിൽ വിൽക്കുമ്പോൾ 10 വർഷം വരെ കൈമാറ്റം ചെയ്യരുത് എന്ന വ്യവസ്ഥ ഫോറം നമ്പർ III -ൽ ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ടി ചട്ടത്തിലെ ചട്ടം 8 പ്രകാരം പതിച്ചു നൽകുന്ന ഭൂമിയ്ക്കു നിശ്ചിത കാലയളവ് കഴിഞ്ഞാൽ മാത്രമേ കൈമാറ്റം നടത്തുവാൻ പാടുള്ളു എന്ന് വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണുന്നില്ല.

4. 1960- ലെ സർക്കാർ ഭൂമി റബ്ബർ കൃഷിക്കായി പതിച്ചുനൽകുന്നതിനുള്ള പ്രത്യേക ചട്ടങ്ങൾ, ചട്ടം 17 പ്രകാരം ടി ലൈസൻസ് പരമ്പരാഗതമായി അനുഭവിക്കാവുന്നതും എന്നാൽ അന്യാധീനപ്പെടുത്താൻ പാടില്ലാത്തതുമാണ്. ഇതിൽ വീഴ്ച വരുത്തിയാൽ ലൈസൻസ് റദ്ദ് ചെയ്ത് ഭൂമി സർക്കാരിലേക്ക് തിരിച്ചെടുക്കാൻ ചട്ടം 20(1)-ൽ നിഷ്കർഷിക്കുന്നു.

5. ലൈസൻസ് ലഭിച്ചവർ ഭൂമി കൈമാറാൻ പാടില്ല എന്ന് ചട്ടം 17-ൽ വ്യക്തമായി വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും പതിച്ചു കിട്ടിയ ശേഷം കൈമാറാൻ പാടില്ല എന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. പതിച്ചു നൽകുന്നതിനുള്ള പട്ടയ ഫാറം ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുമില്ല

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 1960-ലെ സർക്കാർ ഭൂമി റബ്ബർ കൃഷിക്കായി പതിച്ചു നൽകുന്നതിനുള്ള പ്രത്യേക ചട്ടങ്ങൾ പ്രകാരം പണം

ഈടാക്കി പതിച്ചു കൊടുത്ത ഭൂമി 25 വർഷത്തിന് ശേഷമുള്ള കൈമാറ്റം മുഖേന ലഭിച്ചവർക്ക് പോക്കുവരവ് ചെയ്തു ലഭിക്കാൻ അർഹതയുണ്ടെന്ന സ്പഷ്ടീകരണം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗോപകുമാർ.ആർ.എൽ

അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും ( ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ആഡിറ്റ് ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signed by
Sindhu L V
Date: 07-11-2025 18:29:47

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി എ